# Telephone Conversation between PM and the President of the Republic of France

March 31, 2020

## പ്രധാനമന്ത്രിയും ഫ്രാൻസ് പ്രസിഡന്റുമായുള്ള ടെലിഫോൺ സംഭാഷണം

മാർച്ച് 31, 2020

പ്രധാന മന്ത്രി ശ്രീ നരേന്ദ്ര മോഡി ഫ്രാൻസ് പ്രസിഡന്റായ ഇമ്മാനുവൽ മാക്രോണുമായി ഇന്ന് ടെലിഫോൺ സംഭാഷണം നടത്തി.

കോവിഡ്-19 പകർച്ച വ്യാധിയിൽ ജീവൻ നഷ്ടപ്പെട്ടവർക്ക് വേണ്ടി പ്രസിഡന്റ് മക്രോണിനോട് പ്രധാനമന്ത്രി അനുശോചനങ്ങൾ അറിയിച്ചു. ഈ പ്രതിസന്ധിയുടെ ആഭ്യന്തര- അന്താരാഷ്ട്ര പ്രത്യാഘാതങ്ങളെക്കുറിച്ച് നേതാക്കൾ ചർച്ച ചെയ്യുകയും നിലവിലെ സാഹചര്യത്തിൽ ആഗോളതലത്തിലുള്ള സഹകരണത്തിന്റെയും ഐക്യത്തിന്റെയും  പ്രാധാന്യം അടിവരയിട്ടു സൂചിപ്പിക്കുകയും ചെയ്തു. രണ്ടു രാജ്യങ്ങളിലെയും വിദഗ്ധരുടെ സംഘങ്ങൾ വൈറസ് വ്യാപനം തടയുന്നതിനുള്ള നടപടികളെയും  ചികിത്സ വാക്സിൻ എന്നിവയെ കുറിച്ചുള്ള ഗവേഷണങ്ങളുടെയും വിവരങ്ങൾ കൈമാറുന്നതാണെന്നും അവർ സമ്മതിച്ചു.

ആധുനിക ചരിത്രത്തിലെ ഒരു വഴിത്തിരിവാണ് കോവിഡ്-19 പ്രതിസന്ധിയെന്നും ഇത് മാനുഷിക മൂല്യങ്ങളെ കേന്ദ്രീകരിച്ചുള്ള പുതിയൊരു ആഗോളീകരണ തത്വം കെട്ടിപ്പടുക്കുന്നതിനുള്ള അവസരമാണ് എന്നുമുള്ള പ്രധാനമന്ത്രിയുടെ നിലപാടിനോട് ഫ്രഞ്ച് പ്രസിഡണ്ട് ശക്തമായി അനുകൂലിച്ചു.

കലാവസ്ഥ വ്യത്യങ്ങൾ പോലെ മാനവരാശിയെ ആകമാനം ബാധിക്കുന്ന ആഗോള പ്രശ്നങ്ങളിലേക്കുള്ള ശ്രദ്ധ നഷ്ടപ്പെട്ടു പോകരുതെന്നും നേതാക്കൾ ചൂണ്ടികാണിച്ചു.നിലവിലെ പ്രതിസന്ധി ഘട്ടത്തിൽ  ആഫ്രിക്ക ഉളപ്പടെയുള്ള അവികസിത രാജ്യങ്ങളുടെ ആവശ്യങ്ങൾക്കും പ്രത്യേക ശ്രദ്ധ നൽകേണ്ടതാണെന്നു അവർ പറഞ്ഞു.

പകർച്ച വ്യാധി മൂലം വീണ്ടുകളിൽ തന്നെ തുടര്ന്നാലുകളുടെ മാനസികവും ശാരീരികവുമായ ആരോഗ്യത്തിനു യോഗ പരിശീലിക്കുന്നത് സഹായകമാണ് എന്ന പ്രധാന മന്തിയുടെ നിർദേശത്തെ പ്രസിഡണ്ട് മാക്രോൺ സ്വീകരിക്കുകയുണ്ടായി. നിലവിലെ ആരോഗ്യ പ്രതിസന്ധിയിൽ ഫ്രാൻസിൽ കൂടുതൽ യോഗ പരിശീലകർ ഉണ്ടായിക്കൊണ്ടിരിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു.

നിലവിലെ പ്രതിസന്ധി ഘട്ടത്തിൽ ഇന്ത്യ-ഫ്രാൻസ് പങ്കാളിത്തത്തിനു മാനവിക കേന്ദ്രീകൃതമായ ഐക്യം സംഭാവന ചെയ്യാൻ കഴിയുമെന്ന് രണ്ടു നേതാക്കളും സമ്മതിച്ചു.

**ന്യൂ ഡൽഹി**
**31 മാർച്ച്, 2020**

DISCLAIMER : This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.